കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ല ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ ഏണസ്റ്റ് എടപ്പള്ളിക്കെതിരായ അച്ചടക്ക നടപടി-1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.717/2021/തസ്വഭവ തീയതി,തിരുവനന്തപുരം, 18.03.2021

================================================================

പരാമർശം: 1. ബഹു.കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006- 2008) യുടെ 7-ാമത് റിപ്പോർട്ട്.

2. പഞ്ചായത്ത് ഡയറക്ടറുടെ 27.01.2008-ലെ ഡി9-28033/2007 നമ്പർ കുറ്റപത്രം
3. ശ്രീ.ഏണസ്റ്റ് എടപ്പള്ളി 04/2008-ൽ സമർപ്പിച്ച എതിർവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 14.12.2012 ലെ ഡി9-28033/2007 (3) നമ്പർ നടപടിക്രമങ്ങൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 14.12.2012 ലെ ഡി9-28033/07 നമ്പർ കത്ത്.
6. സർക്കാരിന്റെ 28.02.2015 ലെ 77125 /ഇപിബി3/2012 തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. ശ്രീ.ഏണസ്റ്റ് എടപ്പള്ളി 31.03.2015-ൽ സമർപ്പിച്ച എതിർവാദ പത്രിക

## ഉത്തരവ്

ബഹു.കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 7-ാമത് റിപ്പോർട്ടിൽ കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിനെത്തുടർന്ന് ടിയാന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് 1996-97 വർഷം നടപ്പാക്കിയ രാമൻചിറ റോഡ് മെറ്റലിംഗ് & ടാറിംഗ്, അമ്പലത്തറ പാലച്ചിറ റോഡ്, നാരങ്ങയം-വടക്കേവളപ്പ് ഹരിജൻ കോളനി റോഡ് എന്നീ പ്രവർത്തികൾക്ക് അനുവദിച്ചിട്ടുള്ള പ്രാദേശിക നിരക്കിനേക്കാൾ കൂടിയ തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കുക വഴി ടി മൂന്ന് പ്രവർത്തികൾക്കും കൂടി 59,493/- രൂപ കരാറുകാരന് അധികമായി നൽകിയെന്നും മേൽ പ്രസ്താവിച്ച പ്രവൃത്തികൾക്ക് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള

ലെവൽ മെഷർമെന്റ് എടുക്കണമെന്ന നിലവിലുള്ള ചട്ടം പാലിക്കാതെ അളവുകൾക്ക് സ്റ്റോക്ക് മെഷർമെന്റ് നടത്തിയെന്നും ഉപാധിരഹിത പണികൾക്ക് വാങ്ങിയ ടാറിന്റെ ബില്ല്, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കാണിച്ചിട്ടില്ലായെന്നും ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നടത്തിയ കളത്തിൽ കോളനി റോഡ്, കൈതക്കാട് ജമാഅത്ത് പള്ളി ഓരിബക്ക് റോഡ് എന്നീ റോഡ് പണികൾക്ക്, ഡിപ്പാർട്ട്മെന്റ് ഡേറ്റാബുക്കിലെ 56-ാം ഇന പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയെന്നും ഈ ഇനത്തിൽ കളത്തിൽ ഓർക്കുളം റോഡ് നിർമ്മാണത്തിന് 60,667/-രൂപയും, തുരുത്തി ആറിക്കടവ് ഓർക്കുളം റോഡ് സോളിംഗ് ഇനത്തിൽ 4,177/- രൂപയും, കൈതക്കാട് ജമാഅത്ത് പള്ളി, ഓരിബണ്ട് റോഡ് പരിഷ്കരണത്തിന് 8,334/- രൂപയും അധികം ചെലവ് ചെയ്ത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയെന്നും ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് ചെയ്ത ജോലിയ്ക്ക് പ്രാദേശിക നിരക്കിൽ എസ്റ്റിമേറ്റ് ഉണ്ടാക്കുകയോ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ അംഗീകാരം വാങ്ങുകയോ ചെയ്തില്ലായെന്നും അതോടൊപ്പം 1996-97 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 39, 40 പ്രകാരമുള്ള തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് യാതൊരുവിധ നടപടികളും സ്വീകരിച്ചില്ലായെന്നുമായിരുന്നു ടിയാന് നൽകിയ കുറ്റപത്രത്തിൽ ചുമത്തിയിരുന്ന ആരോപണങ്ങൾ. കുറ്റപത്രത്തിനു ടിയാൻ പരാമർശം (3) പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചു.

ആയതിൽ രാമൻചിറ റോഡ് മെറ്റലിംഗ് & ടാറിംഗ്, അമ്പലത്തറ പാലച്ചിറ റോഡ്, നാരങ്ങയം വടക്കേവളപ്പ് ഹരിജൻ കോളനി റോഡ് എന്നീ പ്രവർത്തികൾ 30.09.1996-ന് മുമ്പാണ് നടത്തിയിരുന്നതെന്നും ടിയാൻ സെക്രട്ടറിയായി ചുമതല ഏറ്റെടുക്കുന്നതിന് 24.12.1996-ലാണെന്നും പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും അതിൽ പ്രവർത്തികളുടെ ഐറ്റം നിശ്ചയിക്കുന്നതും ഐറ്റത്തിനനുസൃതമായ റേറ്റ് എഴുതുന്നതും എഞ്ചിനീയർമാരായതിനാലും സൂചിപ്പിച്ച എല്ലാ വർക്കുകളും അനുവദനീയമായ ലോക്കൽ നിരക്കിനേക്കാൾ കുറവായ ഡിപ്പാർട്ട്മെന്റ് റേറ്റിൽ നടത്തിയിരിക്കുന്നതിനാൽ പഞ്ചായത്തിന് സാമ്പത്തികമായി ഗുണവും നേട്ടവും മാത്രമേയുള്ളുവെന്നും ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ അംഗീകാരം പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതിനാലും അതോടൊപ്പം ഓഡിറ്റ് തടസ്സങ്ങൾ നീക്കുന്നതിന് ഒരു അറിയിപ്പും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും ഈ വസ്തുതകൾ കണക്കിലെടുത്ത് കുറ്റവിമുക്തനാക്കണമെന്നും പരാമർശം (3) പ്രകാരം എതിർവാദ പത്രികയിൽ ബോധിപ്പിച്ചു.

പ്രസ്തുത എതിർവാദ പത്രികയുടെ അടിസ്ഥാനത്തിലും, അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ വെളിച്ചത്തിലും താങ്കളുടെ സേവനകാലത്ത് കടുത്ത പെരുമാറ്റ ദൂഷ്യം ഉണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, താങ്കൾ 31.03.2010-ൽ സേവനത്തിൽ നിന്നും വിരമിച്ച വ്യക്തിയായതിനാൽ താങ്കൾക്കെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി പരാമർശം (4) പ്രകാരം തീർപ്പാക്കുകയും കെ.എസ്.ആർ പാർട്ട് III പ്രകാരം നടപടി സ്വീകരിക്കുന്നതിന്

പരാമർശം (5) പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പഞ്ചായത്ത് ഡയറക്ടർ ടിയാന് നൽകിയ കുറ്റപത്രത്തിലെ ആരോപണങ്ങളെല്ലാം നിലനിൽക്കുന്നതിനാൽ കെ.എസ്.ആർ പാർട്ട് III ചട്ടം (3) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് തടയുന്നതിന് താൽക്കാലികമായി തീരുമാനം എടുത്ത് ടിയാന് പരാമർശം (6) കാരണം കാണിക്കൽ നോട്ടീസ് നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി പുനരാരംഭിച്ചു. കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (7) പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആയതിനാൽ ടിയാനെതിരായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മുൻപായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്കെതിരായ ആരോപണങ്ങളിന്മേൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡ് (പരാമർശം (1) (4) (5) (6) (7) എന്നിവയുടെ പകർപ്പുകൾ സഹിതം )
2. ശ്രീ. ഏണസ്റ്റ് എടപ്പള്ളി ,മുൻ സെക്രട്ടറി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. ഡയറക്ടർ,ഐ.കെ.എം, തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.77125/ഇപിബി3/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ